**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2482** **13-09-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിലെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിലാണ് കുടിശ്ശികയുള്ളത്, ഓരോന്നിനും എത്ര മാസത്തെ കുടിശ്ശികയാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ ; | (എ) | കർഷക തൊഴിലാളി പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ, 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ എന്നീ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 2023 ജൂൺ വരെ ഇതിനകം നല്കിക്കഴിഞ്ഞിട്ടുണ്ട്. |
| (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളിലെ കുടിശിക മുഴുവൻ തീർക്കുന്നതിന് എത്ര തുകയാണ് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | പെൻഷൻ ഉപഭോക്താക്കളെ മസ്റ്ററിങ് നടത്തുകയും മരണപ്പെട്ടവരെ ഒഴിവാക്കുകയും പുതിയ അപേക്ഷകരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനാൽ ഓരോ മാസത്തിലെയും ഉപഭോക്താക്കളുടെ എണ്ണത്തിൽ വ്യത്യാസം വരാറുണ്ട്. ആകയാൽ സാമൂഹിക സുരക്ഷാ പെൻഷൻ തുക സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ബില്ല് ജനറേറ്റ് ചെയ്യുന്ന മുറയ്ക്കേ ലഭ്യമാകുകയുള്ളൂ.<br>2023 ജൂൺ മാസത്തിൽ 7,76,51,08,700/- രൂപയാണ് ഗുണഭോക്താക്കൾക്ക് സാമൂഹിക സുരക്ഷാ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തത്. |
| (സി) | പ്രസ്തുത പെൻഷൻ യഥാസമയം വിതരണം ചെയ്യുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | പെൻഷൻ ഉപഭോക്താക്കളെ മസ്റ്ററിങ് നടത്തുകയും മരണപ്പെട്ടവരെ ഒഴിവാക്കുകയും പുതിയ അപേക്ഷകരെ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനാൽ ഓരോ മാസത്തിലെയും ഉപഭോക്താക്കളുടെ എണ്ണത്തിൽ വ്യത്യാസം വരാറുണ്ട്. ആകയാൽ സാമൂഹിക സുരക്ഷാ പെൻഷൻ തുക സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ബില്ല് ജനറേറ്റ് ചെയ്യുന്ന മുറയ്ക്കേ ലഭ്യമാകുകയുള്ളൂ.<br>2023 ജൂൺ മാസത്തിൽ 7,76,51,08,700/- രൂപയാണ് ഗുണഭോക്താക്കൾക്ക് സാമൂഹിക സുരക്ഷാ പെൻഷൻ ഇനത്തിൽ വിതരണം ചെയ്തത്. |

സെക്ഷൻ ഓഫീസർ